بسم الله الرحمن الرحيم

# MESSAGE OF THE KHALIFATULLAH

## Hazrat Munir A. Azim (Atba)

### MONTHLY MEETING OF THE SIRAJ MAKIN OF KERALA-SOUTH ZONE

### 07 MARCH 2020

**2020 മാർച്ച് 7ന് നടത്തിയ സിറാജ് മാക്കിൻ യോഗത്തിലേക്ക് വായിക്കുവാൻ ഹസ്രത് ഖലീഫത്തുല്ലാഹ് മുനിർ അഹ്മദ് അസീം (അ) അയച്ചു തന്ന സന്ദേശം**

## *DILIGENCE IN THE ACCOMPLISHMENT OF DEEN WORKS*

### ദീനി ജോലികൾ പൂർത്തിയാക്കുന്നതിലൂള്ള ശുഷ്ക്കാന്തി

പ്രിയപ്പെട്ട സിറാജ് മാക്കിൻ,

അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹി വബർക്കാത്തുഹു

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ് തുടർച്ചയായി നിങ്ങൾ നിങ്ങളുടെ യോഗം ചേരുന്നതറിയുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഈ അനുസരണം, ഇൻശാ അല്ലാഹ്, തീർച്ചയായും നിങ്ങളെ ആത്മീയ വിജയങ്ങളുടെ ഉന്നതങ്ങളിലേക്ക് നിങ്ങളെകൊണ്ടെത്തിക്കുന്നതാണ്, അത് ഇഹലോകത്തും നാളെ പരലോകത്തും!

ഇന്ന് നിങ്ങൾ വളരെ കുറച്ചു പേർമാത്രമെ ഉണ്ടായിരിക്കുയുള്ളു. ആത്മീയ വിപ്ളവത്തിന്റെ, തിരയടികളുണ്ടാകുന്ന ഒരു സമയം വരും, അന്ന് എണ്ണമറ്റ ആത്മാക്കൾ, നിങ്ങളുടെ പടിവാതിലിലേക്ക് അവരെകൊണ്ടു വരുമ്പോൾ (നിങ്ങൾ അവരെ സ്വീകരിക്കുവാൻ) ശാരീരികമായും ധാർമ്മികമായും ആത്മീയമായും (നിങ്ങൾ) തയ്യാറായിരിക്കേണ്ടതാണ്. ഈ കാര്യം നേടുന്നതിനായി, നിങ്ങൾ നിങ്ങളെ അങ്ങേഅറ്റം കണിശമായ വഴിയിലൂടെ, സംസ്ക്കരിക്കേണ്ടതായിട്ടുണ്ട്. നിങ്ങൾ നിങ്ങളുടെ തന്നെ വിമർശകരായിരിക്കണം. എന്നിട്ട് നിങ്ങൾക്ക് നിങ്ങളിൽ അനുയോജ്യമായ മാറ്റം കൊണ്ടുവരുന്നതിന്, അതിശക്തമായ നിലയിൽ കഠിനാധ്വാനം ചെയ്യേണ്ടതാണ്. മുസ്ലിം സ്ത്രീകളിലും പെൺകുട്ടികളിലും ഇസ്ലാം ആവശ്യപ്പെടുന്ന രീതിയിലുള്ള, അനേകം അനുകൂല്യമായ കാഴ്ചപ്പാടുകൾ നിങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നതു ഓർക്കുക. അല്ലാഹുവിലേക്ക് (ജനങ്ങളെ) ക്ഷണിക്കുകയും സൽക്കർമ്മനുഷ്ഠിക്കുകയും ഞാൻ അനുസരണമുള്ളവരിൽപെട്ടവൻ തന്നെയാണെന്നു പറയുകയും ചെയ്യുന്ന ഒരുവനെക്കാൾ നല്ലവാക്ക് പറയുന്നവനാരുണ്ട്? നല്ലതും ചീത്തയും സമമാവുകയില്ല അതിനാൽ ഏറ്റവും നലതേതോ അതുകൊണ്ട് (ചീത്തയെ) തടയുക. അപ്പോൾ നീയുമായി ശത്രുതയിൽ കഴിഞ്ഞുകൂടുന്നവൻ പെട്ടെന്നതാ ഒരാത്മമിത്രമെന്നപോലെ ആയിതീരുന്നു. എന്നാൽ സ്ഥിരചിത്തതകൈക്കൊണ്ടവർക്കല്ലാതെ അത് പ്രാപ്യമാവുകയില്ല. (നന്മയുടെ) വലിയ ഒരംശം കരസ്ഥമാക്കിയവർക്കല്ലാതെ (അത് പ്രാപ്യമാവുകയില്ല) ഹാമീം സജദ 41:34-36

ഇസ്ലാമിന്റെ പ്രവർത്തനങ്ങൾ, സഹീഹിൽ ഇസ്ലാം, പ്രവർത്തനങ്ങൾ നാനാമുഖമായതാണ്. അതിൽപെടുന്നതാണ്. ദൈവത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നത്. അതുപോലെതന്നെ നിങ്ങളുടെ ജീവിതത്തിലൂടെ ഇസ്ലാമിനെ നിങ്ങൾ പ്രാവർത്തിക്കമാക്കുക. നിർബന്ധപ്പെടുത്തുക. എന്നിട്ട് അതു മറ്റുള്ളവരിലേക്കും! നിങ്ങൾ അതു ആദ്യമായി നിങ്ങളിൽ പ്രാവർത്തികമാക്കുക. നിങ്ങളിൽ നിന്നാണ് അതിന്റെ ആരംഭം കുറിക്കേണ്ടത്.

ഇന്ന് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളും-എന്റെ എല്ലാ അനുചരന്മാരും-കയ്യോട് കയ്യ് ചേർന്ന് നിന്ന് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. ഇസ്ലാമിന്റെ

മൊത്തത്തിലുള്ള പുരോഗതിക്കായി, ക്ഷേമത്തിനായി, സ്നേഹത്തോടെ, സമാധാനത്തോടെ, നല്ലസഹകരണത്തോടെ പ്രവർത്തിക്കേണ്ടതാണ്, നിങ്ങളുടെ ഒന്നാമത്തെ ഉത്തരവാദിത്വം അല്ലാഹുവിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുക എന്നതാണ്. അവരെ നിങ്ങൾ സത്യത്തിലേക്ക് ക്ഷണിക്കുക, നിങ്ങൾ വിശ്വസിച്ച സത്യത്തിലേക്ക് അവരെ ക്ഷണിക്കുക, എന്നിട്ട് അല്ലാഹുവിനോടും അവന്റെ അധ്യാപനങ്ങളോടും അവരെ ചേർത്തു നിർത്തുക.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ദൗത്യം ഇതാണ് എന്റേയും! എനിക്ക് ഒരാളെയും നിർബന്ധിക്കുവാൻ കഴിയുകയില്ല. അല്ലാഹുവിന്റെ തൃപ്തിയെ മാത്രം കാംക്ഷിച്ചുകൊണ്ട്. അവന്റെ മാർഗത്തിൽ പ്രവർത്തിക്കുവാനുള്ള, ഒരാന്തരിക ഇച്ഛാശക്തി ഉണ്ടാകേണ്ടിയിരിക്കുന്നു. സത്യവഴിയിൽ അക്ഷീണം പ്രയത്നിക്കുവാൻ ഹൃദയത്തിൽ നിന്നു തന്നെ ഒരു ഉൾവിളി വരേണ്ടതായിട്ടുണ്ട്. ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിലും, സത്യത്തിലും വിശ്വസിക്കണമെന്ന ഒരുറച്ച തീരുമാനം ഉണ്ടെങ്കിൽ മാത്രമെ ഇത് സാധ്യമാവുകയുള്ളു.

ഇൻശാഅല്ലാഹ് ഈ ദീൻ ജോലിയോടുള്ള ഒരു സ്നേഹം കുറെശ്ശയായി ഉണ്ടാകുമ്പോൾ, നിങ്ങൾ അതിനായി പരിശ്രമിക്കുമ്പോൾ, ദീൻ ജോലികൾക്കായി ആവശ്യമായ പ്രയത്നങ്ങൾ ചെയ്തു സഹായിക്കുമ്പോൾ, നിങ്ങളിൽ ഓരോരുത്തരും, അവരവരുടെ നിലയിൽ, അവരവരുടെ കഴിവനുസരിച്ച്, അത് പരിഭാഷാ ജോലികളായാലും ശരി, ആത്മീയ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ ആയാലും ശരി, പഠനക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിലൂടെയായാലും ശരി, മറ്റു സ്ത്രീകളെയും, പെൺകുട്ടികളെയും പഠിപ്പിക്കുന്നതിലൂടെ ആയാലും ശരി, ദൈവീക വചനങ്ങളും ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തങ്ങളും പങ്കുവെയ്ക്കുന്നതിലൂടെ ആയാലും ശരി, ജീവിച്ചിരിക്കുന്ന ഒരു ദൈവത്തിൽ ജനങ്ങൾ വിശ്വസിക്കുന്നതിനാവശ്യമായ മാർഗത്തിലൂടെ, കഴിഞ്ഞ കാലങ്ങളിൽ അവൻ സംസാരിച്ചിരുന്നതുപോലെ ഇക്കാലത്തും അവൻ സംസാരിക്കുന്നതാണ് എന്ന് നിങ്ങൾക്ക് സ്വയം ബോധ്യപ്പെടുകയും മറ്റുള്ളവരിലേക്ക് ഇത് എത്തിക്കുകയും ചെയ്യുക. അപ്പോൾ നിങ്ങളുടെ എല്ലാ കാര്യങ്ങളും അവൻ എളുപ്പമാക്കി തരുന്നതാണ്. പ്രാരംഭത്തിൽ, തീർച്ചയായും നിങ്ങൾ വളരയെധികം പരീക്ഷണങ്ങളും പ്രയാസങ്ങളും അഭിമുഖീകരിക്കേണ്ടതായി വരും. എന്നാൽ പിന്നീട് അല്ലാഹു നിങ്ങൾക്ക് കാര്യങ്ങൾ എളുപ്പമാക്കി തരും. തുടർന്ന് നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളും, അടയാളങ്ങളും സമുജ്ജ്വലമായ വഴികളിലൂടെ നിങ്ങൾക്ക് ദൃശ്യമാകും.

ഞാൻ മുകളിൽ പാരായണം ചെയ്ത വചനങ്ങളിലൂടെ അല്ലാഹു(ത) നമുക്ക് പഠിപ്പിച്ചത് അതാണ്. നിങ്ങൾ നല്ലവനായിരിക്കുക. നല്ലവനായിരിക്കുവാൻ കഠിനയത്നം ചെയ്യുക. മറ്റുള്ളവരിലേക്ക് ഈ നന്മ തുള്ളി തുള്ളിയായി ഇറ്റിക്കുക. നിങ്ങൾ അല്ലാഹുവിന്റെ ഒരു വിളക്കായി തീരുമ്പോൾ, നിങ്ങൾക്ക് മുഴുലോകത്തെയും പ്രകാശിപ്പിക്കുവാൻ സാധിക്കുന്നതാണ്. സ്ത്രീകൾ എന്ന നിലയിൽ നിങ്ങളുടെ പ്രവർത്തനങ്ങൾക്ക്, ഈ ദൈവീക ദൃഷ്ടാന്ത നൂറ്റാണ്ടിൽ, വളരെ വലിയ പ്രാധാന്യമുണ്ട്. ഞാൻ, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, ഈ മഹത്തായ ജോലിയിൽ ഏർപ്പെട്ടുസഹായിക്കുന്നവരിൽ നിങ്ങളെയും എണ്ണുകയാണ്. അങ്ങനെ ഈ മഹത്തായ ദൈവീക പദ്ധതിയിൽ നിങ്ങളും പങ്കാളികളാകുകു. അല്ലാഹു(ത) നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ, ഏറ്റവും നല്ലനിലയിൽ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ അവൻ നിങ്ങളെ പ്രാപ്തമാക്കട്ടെ. ആമീൻ! ഈ കാര്യങ്ങൾ ശ്രവിച്ചതിന് ഞാൻ നിങ്ങളോടെ നന്ദി പറയുന്നു.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*